# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി-14)1383/2021
തീയതി 08.10.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി-14)1383/2021 തീയ്യതി: 09/12/2021
തീയതി 08.10.2021

## എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2021 | 08-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2021 | 08-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി റസിയാബീവി.ജെ (ഓഡിറ്റ് ഓഫീസർ)(23.09.2021 മുതൽ 25.09.2021 വരെ ഹാജർ)
ശ്രീ.റഷീദ്.സി.എം. (അസി.ഓഡിറ്റ് ഓഫീസർ))
ശ്രീ.വിജു.എം.എസ് (സീനി.ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി സ്വപ്ന.വി (ഓഡിറ്റർ)
ശ്രീ.മുഹമ്മദ് ഷാഫി.വി.എം.(ഓഡിറ്റർ)(24.09.2021മുതൽ 06.10.2021വരെ അവധി)
ശ്രീ.നബീൽ മുഹമ്മദ് അബ്ബാസ്.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ശാന്തി എബ്രഹാം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ചന്ദ്രൻ നായർ.കെ | സെക്രട്ടറി | 01-04-2019 | 01-08-2019 |
| ശ്രീ.മോഹൻകുമാർ.പി.ആർ | സെക്രട്ടറി | 02-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസീന.പി.മൈതീൻ | അസി.സെക്രട്ടറി | 01-04-2019 | 03-12-2019 |
| ശ്രീ.ലാൽ.ടി.കൃഷ്ണ. | അസി.സെക്രട്ടറി | 04-12-2019 | 31-03-2020 |
| ശ്രീമതി.സൂസൻ ലീ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 14-09-2019 |
| ശ്രീ.സണ്ണി.കെ.എസ് | കൃഷി ഓഫീസർ | 15-09-2019 | 31-03-2020 |
| ശ്രീമതി.വിദ്യാ വേലായുധൻ | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രാമതി.സുമിയ.സി.വൈ | അസി.എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ഡോ.സുജേഷ്.എം. | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.സീനമോൾ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.മിനിമോൾ.കെ.ആർ | മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.എലിസബത്ത്.സി.ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുമീറ ഇബ്രാഹിം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.അജയൻ.പി.എസ്. | വി.ഇ.ഒ (പോത്താനിക്കാട്) | 01-04-2019 | 31-03-2020 |
| ശ്രീമതി റംല.കെ.കെ | ഹെഡ് മിസ്ട്രസ് ഗവ.ജി.എൽ.പി സ്ക്കുൾ ,പോത്താനിക്കാട് | 01-04-2019 | 31-03-2020 |
| ശ്രീമതി.സൈനബ.സി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 06-10-2021)<br>Last Updated By: Viju M S (Senior Grade Auditor, On 06-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Viju M S (Senior Grade Auditor, On 05-10-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-11-2021) | 1-10 |
| 12 | ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: Ressiya Beevi J (Audit Officer, On 04-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-11 |
| 13 | നാമ മാത്ര തുക മാത്രമുള്ള ദുരിതാശ്വാസ നിധി<br>Written By: Ressiya Beevi J (Audit Officer, On 05-10-2021)<br>Last Updated By: Viju M S (Senior Grade Auditor, On 07-10-2021) | 1-12 |
| 14 | തൊഴിൽ നികുതി അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 1-13 |
| 15 | എഫ് .ടി.ഇ.ഒ ലൈസൻസ്- അപാകതകൾ(2019-20)<br>Written By: Swapna.V (Auditor, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 1-14 |
| 16 | കോഴിഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു(2019-20)<br>Written By: Swapna.V (Auditor, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 1-15 |
| 17 | വളർത്തുനായകളുടെ ലൈസൻസ് വിവരം ലഭ്യമാക്കണം<br>Written By: Swapna.V (Auditor, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-16 |
| 18 | ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കേണ്ടതാണ്<br>Written By: Swapna.V (Auditor, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-17 |
| 19 | മരണാനന്തരം അനുവദിച്ച പെൻഷൻ തുക തിരിച്ചടവിലെ അപാകത<br>Written By: C.M.Rasheed (Asst. Audit Officer, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-18 |
| 20 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-19 |
| 21 | അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - രേഖകൾ | 1-20 |

| | | |
|---|---|---|
| | ലഭ്യമാക്കിയില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 04-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-21 |
| 23 | തൊഴിലുറപ്പ് പദ്ധതി - നിയമാനുസൃത നികുതികൾ കിഴിവ് ചെയ്യുന്നില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 1-22 |
| 24 | തൊഴിലുറപ്പ് പദ്ധതി - അനധികൃതമായി തുക കൈപ്പറ്റി<br>Written By: C.M.Rasheed (Asst. Audit Officer, On 07-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 1-23 |
| 25 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 08-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Viju M S (Senior Grade Auditor, On 08-10-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 25-11-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Viju M S (Senior Grade Auditor, On 30-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 08-10-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 30-09-2021)<br>Last Updated By: Raj N.C (Computer Assistant, On 02-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28.02.2019ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13,78,385 |
| വരവ് | 7,74,80,440 |
| ആകെ | 7,88,58,825 |
| ചെലവ് | 7,78,09,253 |
| നീക്കിയിരിപ്പ് | 10,49,572 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 6530354രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 8304820രൂപയും ലഭിച്ചതുൾപ്പെടെ 14835174 രൂപ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020. | 12.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 67,59,070 |
| വരവ് | 3,47,46,306 |
| ആകെ | 4,15,05,376 |
| ചെലവ് | 3,38,57,103 |
| നീക്കിയിരിപ്പ് | 76,48,273 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 4655780 | 4655780 | 4655780 | 0 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1782588 | 1782588 | 1782588 | 0 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 120294 | 120294 | 120294 | 0 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 4071004 | 4071004 | 2767052 | 1303952 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 3292000 | 3292000 | 2438871 | 853129 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 3251000 | 3251000 | 2053879 | 1197121 | |
| സാക്ഷരത | 0 | 0 | 0 | 0 | 0 | |
| അങ്കണവാടി പൂരക പോഷകാഹാരം | 549202 | 377957 | 927159 | 650000 | 277159 | |
| ശുചിത്വമിഷൻ | 300748 | 21200 | 321948 | 154398 | 167550 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 38878900 | 89 | 24228814 | 6 | 18 | 79 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10622.60 | 500277 | 510899.60 | 184128 | 326771.60 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | (മൂലധനച്ചെലവ്)<br>(റവന്യൂച്ചെലവ്) | 1249075<br>5097151 | 1249075<br>5097151 | 1249075<br>5097151 | |
| ആകെ | 10622.60 | 6846503 | 6857125.60 | 6530354 | 326771.60 |

വാർഷിക ധനകാര്യ പത്രികയിലെ ആർ.പി 9 ൽ പലിശയിനത്തിൽ ലഭ്യമായ (171100101) 102208രൂപയിൽ 1369 രൂപ എം.ജി.എൻ ആർ.ഇ.ജി.എസിലെ പലിശയിനത്തിൽ ലഭ്യമായിട്ടുണ്ട്.ആയത് ഭരണച്ചെലവുകളുടെ വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാലാണ് ആർ.പി 31 ലെ തുകയുമായി വ്യത്യാസം കാണുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്ന തുകയിൽ ക്യാപിറ്റൽ എക്സ്പ്പെൻഡിച്ചറും ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10,320 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 13,93,200 | 218 |
| വിധവാപെൻഷൻ | 17,28,000 | 311 |
| വാർദ്ധക്യകാലപെൻഷൻ | 40,50,600 | 770 |
| വികലാംഗപെൻഷൻ | 8,54,700 | 150 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 90,000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.30പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5148/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. **<u>മോണിട്ടറിങ്ങ് :</u>**- വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

7. നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഓഡിറ്റിനായി ഹാജരാക്കിയ ക്യാഷ് ബുക്ക് കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം നിർദ്ദേശിക്കുന്ന ടി. ആർ 7A ഫോർമാറ്റിലുള്ളതല്ല.

8.വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഉപയോഗിച്ചിരുന്ന രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് നടത്താതെയാണ് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടിട്ടുള്ളത്.

9. പഞ്ചായത്തിലെ വിവിധ വിഷയങ്ങളിൽ സെക്രട്ടറി തലത്തിലും പഞ്ചയാത്ത് ഭരണ സമിതി തലത്തിലും തുടർനടപടികൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നു. (എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാരെ പണം കൈകാര്യം ചെയ്ത വീഴ്ചയിന്മേൽ പഞ്ചായത്ത് ജോലിയിൽ നിന്ന് പിരിച്ച് വിട്ടെങ്കിലും അവരിൽ നിന്ന് തുക ഈടാക്കുന്നതിൽ വിമുഖത കാണിക്കുന്നു.)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.03.2020 | 12.2019 മുതൽ 02.2020 വരെ | 24.08.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.01.2014 മുതൽ 30.01.2014 | 2008-09 മുതൽ 2012-13 വരെ | 27.03.2014 |

## 1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019 -20 സാമ്പത്തിക വർഷത്തിൽ ആകെ 2 തവണ മാത്രമാണ് 13ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്.നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-12 നാമ മാത്ര തുക മാത്രമുള്ള ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും 2019-20സാമ്പത്തിക വർഷം യാതൊരുവിധത്തിലുമുള്ള സഹായങ്ങളും ഈ നിധിയിൽ നിന്ന് ആർക്കും നല്കിയിട്ടില്ല. കേവലം 100രൂപ മാത്രമാണ് ഇതിൽ അവശേഷിക്കുന്നത്. പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾ പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ആയതിനാൽ അടിയന്തരമായിത്തന്നെ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് കണ്ടെത്തേണ്ടതും ,പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നല്കുവാൻ പ്രസിഡന്റിന്റെ പേരിൽ രൂപീകൃമായ ഈ നിധിയിലേക്ക് ഫണ്ട് സമാഹരണം നടത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷകന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 11/19-20 | നവഭാരത് ഫ്യുവൽസ് | സോഫിയ എ എസ്, കരേല്ലിക്കുടിയിൽ | 3 |
| 2 | 12/19-20 | ഷിബു ഗ്രാനൈറ്റ്സ് (ക്രഷർ) | കെ ജെ വർഗീസ്, കുരൻ | 15 |
| 3 | 14/19-20 | പ്ലാസ്റ്റിക് പൈപ്പ് നിർമാണം, റിസൈക്ലിംഗ് | ജാക്സൺ ജോസഫ് | 6 |
| 4 | 20/19-20 | പള്ളിമാലിൽ ഡെന്റൽ ക്ലിനിക് | ഡോ. ബിൻസ് വൽസ പോൾ | 2 |
| 5 | 77/19-20 | എം എം ഫ്യുവൽസ് | സോഫിയാമ്മ ജെയിംസ്, കാവുമാരിയിൽ | 2 |
| 6 | 82/19-20 | ജെയ്റ്റോ ജുവല്ലേഴ്സ് | ജയ്മോൻ വർഗീസ്, കല്ലുൻകരിയിൽ | 2 |
| 7 | 111/19-20 | ലൗ ഡേൽ ഇവന്റ്സ് | ഷിജോ എബ്രഹാം, ബോബി സ്കറിയ, എൽദോസ് സ്കറിയ | 6 |
| 8 | 119/19-20 | ഇന്ത്യൻ ബ്രിക്സ് | റോയ് വർഗീസ്, തോപ്പിൽ | 7 |
| 9 | 166/19-20 | ഐറ എറ്റേണൽ ബ്രിക്സ് | ബാവ പി എം, പഴമ്പിള്ളിൽ | 3 |
| 10 | 174/19-20 | മെമ്മറി ആർട്സ് & അഡ്വർട്ടൈസ്മെന്റ്സ് | സുരേഷ് പി എസ്, പതപ്പിള്ളിയിൽ | 5 |
| 11 | 183/19-20 | ഗ്രേസ് മരിയ ഫർണിച്ചർ മാർട്ട് | എൻ എം ജോർജ്, നെല്ലാനിക്കോട്ട് | 3 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/4-10-2021), പ്രസ്തുത സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-14 എഫ് .ടി.ഇ.ഒ ലൈസൻസ്- അപാകതകൾ(2019-20)

കേരള പഞ്ചായത്ത് രാജ് ആക്ട്(സെക്ഷൻ -232(1))പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ല. പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ

പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല (കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233എ). എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് / വാർഡ് നം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം |
|---|---|---|
| 1 | സേവ്യർ ജോസഫ്, കണ്ണീറ്റുകണ്ടത്തിൽ/1 | ഹോളോബ്രിക്സ് യൂണിറ്റ് |
| 2 | അസീസ് ആര്യമറ്റത്തിൽ /1 | ഹോളോബ്രിക്സ് യൂണിറ്റ് |
| 3 | മുഹമ്മദ് സെയ്ത്, ഇടശ്ശേരിക്കുന്നേൽ /2 | പലചരക്കു വ്യാപാരം |
| 4 | സനീർ അലി, ഇടശ്ശേരിക്കുന്നേൽ /2 | ക്ലൂട്ടം സൂപ്പർ മാർക്കറ്റ് പലചരക്കു വ്യാപാരം |
| 5 | ബഷീർ കുഞ്ഞുപിള്ള താണിക്കുന്നേൽ /2 | പലചരക്ക് കട |
| 6 | മൈതീം&കാസിം, ആര്യമറ്റത്ത് പുത്തൻ പുരയിൽ /2 | ഹോളോബ്രിക്സ് യൂണിറ്റ് |
| 7 | രാജൻ സൺ ഓഫ് രാഘവൻ കുന്നത്ത് /3 | കുന്നത്ത് സ്റ്റോഴ്സ് |
| 8 | മീരാമോഹനൻ , കരിയാംവെളി പൂച്ചക്കൽ /3 | ബെഡ് നിർമ്മാണം |
| 9 | സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്/3 | ആയുർവേദ ഹോസ്പ്പിറ്റൽ |
| 10 | ജിനു സൺ ഓഫ് വർക്കി & സാന്റു വർഗ്ഗീസ്, ചുള്ളപ്പിള്ളിൽ/4 | മലഞ്ചരക്ക് &ഇറച്ചിക്കട |
| 11 | റൂഡിവർഗ്ഗീസ് മണ്ണാറ പ്രായിൽ /4 | ഗ്രെയ്സ് അലുമിനിയം ഫാബ്രിക്കേഷൻ |
| 12 | ലൈജി /4 | മെറിൻ ടൈലറിംഗ് സെന്റർ |
| 13 | എബി പുത്തൻപുരക്കൽ /4 | ഫെതർ കളർ കോണേഴ്സ് |
| 14 | പൌലോസ് പൌലോസ് പുതിയാമഠം /4 | പി.ഡി.ഡി.പി പാൽ സൊസൈറ്റി |
| 15 | പൌലോസ് വർഗ്ഗീസ്, പുതിയാമഠത്തിൽ /4 | ലൈബ്രറി |
| 16 | പൌലോസ് വർഗ്ഗീസ് പുതിയാമഠത്തിൽ /4 | ഹോട്ടൽ |
| 17 | തോംസൺ എം. കുര്യൻ, മഠത്തിക്കുടിയിൽ/4 | എസ് ആർ ഒ ഡോർ വേൾഡ് |
| 18 | ബേബി സൺ ഓഫ് ഉലഹന്നാൻ /4 | ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും |
| 19 | ഐപ്പ് ജോസഫ്, ചുള്ളോപ്പിള്ളിൽ /5 | മലഞ്ചരക്ക് വ്യാപാരം |
| 20 | രാഘവൻ രാമൻ, കുപ്പേക്കുടി/5 | പലചരക്ക് കട |
| 21 | അഗസ്റ്റി ജോൺ, ഞാളൂർ/5 | ഷാപ്പ് |
| 22 | അഗസ്റ്റി ജോൺ , ഞാളൂർ/5 | കരകൌശല നിർമ്മാണ ഷെഡ് |
| 23 | മറിയാമ്മ ഐപ്പ്, മുണ്ടക്കൽ/6 | റേഷൻ കട |
| 24 | പീറ്റർ സൺ ഓഫ് തൊമ്മൻ പടിഞ്ഞാറേക്കര/6 | പലചരക്ക് കട |
| 25 | രാഘവൻ പ്രകാശ്, കൊല്ലപ്പിള്ളിൽ /7 | റേഷൻ കട |
| 26 | ജോണി ജേക്കബ്, റാത്തപ്പിള്ളി/7 | പലചരക്ക് കട |
| 27 | എഡ്വിൻ, ഇലവും കുടിയിൽ /7 | ഇ.ജെ ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 28 | ബിജു കാഞ്ഞിരത്തിങ്കൽ /7 | അലുമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ |
| 29 | റോബിൻ ജോർജ്, കളമ്പനാട്ട്/8 | ഫോർ ലൈൻ ഇലക്ട്രിക്കൽസ് |
| 30 | എം.എം.നാസർ, മണലുംപാറയിൽ/8 | ബെഡ് നിർമ്മാണം |
| 31 | കുര്യാക്കോസ് സ്കറിയ, കൊച്ചുമുട്ടം /8 | പലചരക്ക് |
| 32 | റോപിൻ ജോർജ്, കളമ്പാട്ട് /8 | ഇലക്ട്രിക്കൽ |
| 33 | മറിയക്കുട്ടിഎൻ.പി.തോലാനിക്കുന്നേൽ/10 | മെഡിക്കൽ ഷോപ്പ് |
| 34 | ജോബിൻ പോൾ, പുൽപ്രയിൽ /10 | ബേക്കറി |
| 35 | പത്രോസ് മത്തായി, തോലാനിക്കുന്നേൽ /10 | പലചരക്ക് |
| 36 | നീതുസജി , കോട്ടക്കുടിയിൽ/10 | സർവീസ് &ടൂർ പാക്കേജ് |
| 37 | വിനിലാൽ, നടാഞ്ചേരിയിൽ/12 | സ്റ്റാർ ഫീഡ്സ് ഫാക്ടറി ഔട്ട് ലെറ്റ് |
| 38 | ഹരീഷ് , ചേന്നാൽ /12 | സിറ്റി ഹെയർ ഡ്രെസിംഗ് സെന്റർ |
| 39 | ഷൈബി, കുത്തമറ്റത്തിൽ/12 | പച്ചക്കറിക്കട |
| 40 | ഷിബു. പി., പടിഞ്ഞാറയിൽ/12 | കേബിൾവർക്ക് |
| 41 | ഷാജി ,പാലമൂട്ടിൽ /12 | ആര്യഹോട്ടൽ |
| 42 | വർഗ്ഗീസ് ഇലവുംകുടിയിൽ/12 | മെഡിക്കൽ ഷോപ്പ് |
| 43 | ജിസ് ജോയി കല്ലുത്തുകുട്ടി/12 | ക്യൂൻ മേരി ടൈലറിംഗ് |

| | | |
|---|---|---|
| 44 | പൈലി അതിരംപുഴ/12 | സ്റ്റോറേജ് ഷെഡ്, കൈത്തൊഴിൽ ഷെഡ് |
| 45 | വി.വി ജോർജ് /13 | പന്തൽ വാടകക്ക് |
| 46 | എം.വി.ചാക്കോ,മുടംകുന്നേൽ/13 | ബേക്കറി |
| 47 | കുട്ടൻ കുമാരൻ, മുറിത്തോട്ടത്തിൽ /13 | പലചരക്ക് |
| 48 | സെക്രട്ടറി, സിന്ധു ഷിബു /13 | പാൽ സൊസൈറ്റി |
| 49 | ഷിജി ബേബി , പള്ളിച്ചാം കുടി /13 | പൊന്നൂസ് ബ്യൂട്ടിപാർലർ |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/29.9.21)മറുപടി ലഭ്യമായിട്ടില്ല. 31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവ്വ പ്രകാരം നിലവിൽ വന്നിട്ടുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നാക്കി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ലൈസൻസ് ഫീസ് ഈടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി ഉത്തരവിന വിധേയമായി ഗ്രാമപഞ്ചായത്തിൽ ഈടാക്കേണ്ട ഫീസ് സംബന്ധിച്ച് കമ്മറ്റി തീരുമാനം എടുക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. തുടർന്നുള്ള വർഷങ്ങളിലും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ മുഴവൻ സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-15 കോഴിഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു(2019-20)

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയുംചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുവാൻ പാടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന കോഴിഫാമുകൾ 2019-20 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20സാമ്പത്തിക വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ല എന്ന കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് /വീട്ട് പേര്/ വാർഡ് നം. | കെട്ടിട നം. |
|---|---|---|
| 1 | ജോൺസൺ .കെ.കെ, കൊച്ചുവീട്ടിൽ /1 | 18,19 |
| 2 | ഇബ്രാഹിം പരീത്, കുന്നേൽ /1 | 41,42,43 |
| 3 | മക്കാർ മൈതീൻ, ആര്യമറ്റത്തിൽ /1 | 174,175,176 |
| 4 | ഇബ്രാഹിം &രുക്കിയ, വലിയ പറമ്പിൽ /2 | 27C |
| 5 | പോൾസൺ, പുതിയാ മഠത്തിൽ /2 | 151,152,153 |
| 6 | സി.വി കുര്യച്ചൻ, ചിറ്റേത്ത് /2 | 186A,186B |
| 7 | എൽദോ ജോൺ, വെള്ളാംകണ്ടത്തിൽ /2 | 322B,322C |
| 8 | ഏലിയാസ് മകൻ ബൈന്നി, താഴത്തെക്കുടി /2 | 344,345,346,347 |
| 9 | മൈതീൻ പരീത്, പാലക്കുന്നേൽ /3 | 30B |
| 10 | മത്തായി പൌലോസ്, കാട്ടുചിറ /3 | 38,39, |
| 11 | സജി.കെ .വർഗ്ഗീസ്, കല്ലുങ്കൽ /3 | 43,44,45,46,47,48,49 |
| 12 | ജിജോ .കെ വർഗ്ഗീസ്, കല്ലുങ്കൽ /3 | 53,54,55,56 |
| 13 | ബിജു ജോസഫ്, കുറ്റപ്പിള്ളിൽ /3 | 239A |
| 14 | മാത്യു സൺ ഓഫ് ഐപ്പ്, കുറ്റപ്പിള്ളിൽ /3 | 240 |
| 15 | യോഹന്നാൻ കുര്യൻസ്, മടത്തിക്കുടിയിൽ/3 | 251A,251B |
| 16 | സജി എം.മാത്യു, മണ്ണാറപ്രായിൽ/4 | 9,10,11,12 |
| 17 | മേരി യോഹന്നാൻ, ജോർജ് ജോൺ/4 | 41A |
| 18 | എൽദോസ് സൺ ഓഫ് മത്തായി, ചേന്നംകുടിയിൽ /4 | 75A |
| 19 | അജിത് എബ്രഹാം, സൺ ഓഫ് എബ്രഹാം വെള്ളാംകണ്ടത്തിൽ /4 | 83A |
| 20 | കുര്യാക്കോസ് അന്തോണി, കാഞ്ഞിരത്തിങ്കൽ /4 | 119,120,121,122 |
| 21 | വർക്കി വർക്കി, ചുള്ളാപ്പിള്ളിൽ /4 | 118B |
| 22 | കെ.പി ജോർജ്, കുറ്റിശ്രുക്കുടിയിൽ/4 | 127,129 |
| 23 | പൈലി ജോർജ്, കുറ്റിശ്രുക്കുടിയിൽ /4 | 127A,127B,127C ,128 |
| 24 | ബേസിൽ സൺ ഓഫ് ജോർജ്&ജിനു വൈഫ് ഓഫ് ബേസിൽ , കല്ലുങ്കൽ /4 | 151A |
| 25 | പൈലി ജോസഫ്, തെക്കേക്കുന്നേൽ /4 | 200,201,202,203 |
| 26 | സി.പി മത്തായി, ചെനയപ്പിള്ളിൽ /4 | 238,240, 241 |
| 27 | ബിജി എം മാത്യു, മണ്ണാറപ്രായിൽ/4 | 274,275,276 |
| 28 | സന്തോഷ് മത്തായി, വാലുമ്മേൽ /5 | 10 |
| 29 | പി.വി കുര്യൻ, പൂക്കുന്നേൽ /5 | 105,106,107 |
| 30 | പി.വി മാത്യു, പൂക്കുന്നേൽ /5 | 173,174,175 |
| 31 | ബിനിൽ പി ഐസക്, പൂക്കുന്നേൽ /5 | 177A |
| 32 | അഗസ്റ്റിൻ ജോൺ, ഞാളൂർ /5 | 197 |
| 33 | വർക്കി തോമസ്, കോടിയാട്ട് /5 | 208,209,210 |
| 34 | പി.ജെ വിൻസന്റ്, പുൽപ്രയിൽ /5 | 260,261 |
| 35 | ഷിബു കെ. ചാക്കോ, കുറ്റപ്പിള്ളിൽ/5 | 264A,264B,264C |
| 36 | റീന തോമസ്, കുറ്റപ്പിള്ളിൽ/5 | 266 |
| 37 | എം.കെ നീലകണ്ഠൻ, മടത്തോത്ത് /5 | 276, 277,278,279 |
| 38 | വർഗ്ഗീസ് എബ്രഹാം, പൂക്കുന്നേൽ /5 | 283A |
| 39 | ഐസക്ക് വർക്കി, പൂക്കുന്നേൽ/5 | 177B |

| | | |
|---|---|---|
| 40 | മേരി തോമസ്, കാക്കത്തോട്ടത്തിൽ/6 | 112 |
| 41 | പാപ്പു കുഞ്ഞിനാൻ, വലിയ വീട്ടിൽ/6 | 132 |
| 42 | വർക്കി എബ്രഹാം, പടിഞ്ഞാറെക്കരയിൽ/6 | 146A |
| 43 | സോമൻ, പടിഞ്ഞാറ്റി പുത്തൻപുരയിൽ /6 | 153A |
| 44 | കെ.കെ പോൾ കുര്യാക്കോസ്, കുറ്റപ്പിള്ളിൽ /6 | 219A |
| 45 | അൽഫോൺസാ, തോട്ടപ്പിള്ളിൽ/6 | 250A |
| 46 | പി.റ്റി വർഗ്ഗീസ്, പടിഞ്ഞാറെക്കരയിൽ /6 | 284,284A,284B |
| 47 | ജോയി കുവക്കണ്ടത്തിൽ/6 | 285 |
| 48 | ബിന്ദു വിനോദ്, ഇലവുങ്കൽ /6 | 106 |
| 49 | പി.വി പോൾ പടിഞ്ഞാറെക്കരയിൽ / 6 | 143 |
| 50 | ജോർജ് കുര്യാക്കോസ് ,കുറ്റപ്പിള്ളിൽ /6 | 221 |
| 51 | വർക്കി ഐപ്പ്, ചുള്ളാപ്പിള്ളിൽ/7 | 42A |
| 52 | വർക്കി ജോസഫ്, കളപ്പുരക്കൽ/7 | 199C,199D,<br>199E,199F |
| 53 | മത്തായി ഐപ്പ് &അന്നമ്മ മത്തായി<br>ആഞ്ചേരിൽ/9 | 29,29A,29B,30 |
| 54 | ബിജു പോൾ, പടിഞ്ഞാറ്റിൽ/9 | 72,73,74,75 |
| 55 | പോൾ സി.വി., ചെമ്പകശ്ശേരിൽ/9 | 155,156,157,158 |
| 56 | ഇത്താപ്പിരി കുര്യൻ, ചെമ്പകശ്ശേരിൽ/9 | 163,164,164A,165 |
| 57 | ആനി ജോർജ്, ചെട്ടിയാംകുടിയിൽ/10 | 44 |
| 58 | ശശി, മഠത്തുംപടി /10 | 39 |
| 59 | സേവ്യർ മാണി, കൊച്ചുമുട്ടം/10 | 105,105A,106,<br>107,107A |
| 60 | കെ.ഓ ജോസഫ്, കല്ലുംകുരിയിൽ/10 | 117,118,119,120,121 |
| 61 | വർക്കി മത്തായി, കൊച്ചുപാലിയത്ത് /10 | 145,146,147,148,149 |
| 62 | ജെയ്സൺ, ചെട്ടിയാംകുടിയിൽ/10 | 152,153,154 |
| 63 | ജോസ് വർഗ്ഗീസ്, തെക്കുംപുരത്ത്/10 | 196,197,198 |
| 64 | ഏലിയാമ്മ സ്കറിയ, കല്ലുംകുരിയിൽ/10 | 200,201,202 |
| 65 | പൈലി പൌലോസ്, കണ്ണാം പറമ്പേൽ/10 | 205,206,207 |
| 66 | റോയി ഇല്ലിക്കൽ /10 | 213,214 |
| 67 | മത്തായി ബേബി, ഇല്ലിക്കൽ/10 | 216,217 |
| 68 | മത്തായി ചാക്കോ, ഇല്ലിക്കൽ/10 | 218,219 |
| 69 | ഇ.എ ജോസ് ഇല്ലിക്കൽ/10 | 223,224,225,226 |
| 70 | പി.കെ ജോർജ്, പൊക്കണത്തിൽ/10 | 272,273,274 |
| 71 | ജോർജ് പോൾ, കണ്ണാംപറമ്പേൽ/10 | 299,300,301,302,303 |
| 72 | ജേക്കബ് മങ്കുത്തേൽ/10 | 158,159 |
| 73 | ജോർജ്കുട്ടി ചെട്ടിയാം കുടിയിൽ/10 | 162A |
| 74 | പോൾ കണ്ണാംപറമ്പിൽ/10 | 165,166,167 |
| 75 | കുര്യാച്ചൻ കണ്ണാംപറമ്പിൽ/10 | 165A,165B |
| 76 | എൽദോസ് വർക്കി കണ്ണാംപറമ്പിൽ/10 | 178,179 |
| 77 | സാറാ ജോസഫ്, കല്ലുംകുരിയിൽ/10 | 183B,183C |
| 78 | ജോസഫ് കല്ലുംകുരിയിൽ/10 | 187,188 |
| 79 | അന്ന മാത്യൂസ്, കല്ലുംകുരിയിൽ/10 | 190,191,192 |
| 80 | ബെന്നി ജോൺ, മണ്ഡപത്തിൽ/11 | 75,76 |
| 81 | മാത്യു ജോയി, പുൽപ്പറമ്പിൽ/11 | 154B |
| 82 | റെജി, പാലക്കാട്ട്പുത്തൻപുര/11 | 330A |
| 83 | തൊമ്മൻ മത്തായി, പാലക്കാട്ട്പുത്തൻപുര/11 | 330B |
| 84 | എൽദോസ് ജോർജ്, ചെട്ടിയാംകുടിയിൽ /11 | 155A |
| 85 | തൊമ്മൻ &മറിയക്കുട്ടി, ആണ്ടൂർ /11 | 176A |
| 86 | സജി പനന്താനത്ത്/ 12 | 16,17 |
| 87 | ബെന്നിഎൽദോ&റീന ബെന്നി<br>പാറക്കപുത്തൻപുരയിൽ/12 | 66,66A |
| 88 | ചാക്കോ മത്തായി, കുമ്മംകോട്ടിൽ/12 | 80 |
| 89 | പോൾവർഗ്ഗീസ്, പാറക്കപുത്തൻപുരയിൽ/12 | 87 |
| 90 | ബേസിൽ. എം.വിൽസൺ, മാത്തിക്കുടിയിൽ/12 | 241,242,243,244 |
| 91 | തൊമ്മൻ വർക്കി, കൊല്ലറക്കൽ/12 | 280,299,299A |
| 92 | വർക്കി പൈലി, കൊല്ലറക്കൽ/12 | 286,287 |
| 93 | ഡെന്നി പൈലി, കൊല്ലറക്കൽ/12 | 289,290,291,292,293<br>,294,295296,297 |
| 94 | ഐപ്പ് സേവ്യർ, വെട്ടിക്കാട്ട്/12 | 303,304,305,306 |
| 95 | മത്തായി സജി, പനന്താനത്ത്/12 | 16,17 |
| 96 | യാക്കോബ്, കുമ്മംകോട്ടിൽ/12 | 128 |
| 97 | സാബു മാത്യു, വാലുമ്മേൽ/12 | 134 |
| 98 | ദീപു തോമസ് , അമ്പഴചാലിൽ/12 | 185 |

| | | |
|---|---|---|
| 99 | എ.കെ തോമസ്, അമ്പഴച്ചാലിൽ/12 | 187 |
| 100 | മാത്യു വെട്ടിക്കാട്ട്/13 | 4 |
| 101 | ബിജു മാത്യു, വെട്ടിക്കാട്ട്/13 | 4A |
| 102 | സ്റ്റീഫൻ എം.ജെ., /13 | 50 |
| 103 | തൊമ്മൻ ചെറിയാൻ, കോച്ചേരിൽ/13 | 107,108,109 |
| 104 | സ്റ്റീഫൻ എം.ജെ മംഗലക്കണ്ടത്തിൽ/13 | 110,111112,113.114, 114A,114B,114C |
| 105 | കെ.യു റൈബി കൊച്ചുവീട്ടിൽ/13 | 177,178,179,180 |
| 106 | മത്തായി തോമസ്, കൊച്ചുവീട്ടിൽ/13 | 187,188,189 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/4.10.21) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന മുകളിൽ പറഞ്ഞതടക്കമുള്ള എല്ലാ കോഴി ഫാമുകളിൽ നിന്നും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം7(3) പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.തുടർന്നുള്ള വർഷങ്ങളിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 വളർത്തുനായകളുടെ ലൈസൻസ് വിവരം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്തിൽ വെറ്ററിനറി സർജന്റെ കീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ 13.1.2020 മുതൽ 20.1.2020 വരെ വികസന ഫണ്ടിൽ നിന്ന് 5000/-രൂപ ചെലവഴിച്ച് (ബില്ല് നം. 08/2019-20 തീയതി 24.02.2020) വളർത്തു നായകൾക്ക് പേ വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുത്തിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും മേൽ പരാമർശിത തീയതികളിൽ 106 നായകൾക്കാണ് വിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് നല്കിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ നിന്നും വളർത്തുനായ്ക്കൾക്കും പന്നികൾക്കുമുള്ള ലൈസൻസ് ഫീസിനത്തിൽ (RP-4 Fees &User Charges ,Code-140110109 ) ഒരു വളർത്തു നായയ്ക്ക് 10/- രൂപ നിരക്കിൽ 3എണ്ണത്തിന് 30 രൂപ മാത്രമാണ് 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. വാക്സിനേഷൻ നല്കിയ കണക്ക് പ്രകാരം 1060/- രൂപ ലൈസൻസ് ഫീയായി പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(നം.5/ 30.9.21) മറുപടിയിൽ നായകൾക്ക് വാക്സിനേഷൻ നൽകുമ്പോൾ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക സംബന്ധിച്ച് നായകളുടെ ഉടമസ്ഥർക്ക് അറിയിപ്പ് നൽകണമെന്നും ഉടമസ്ഥരുടെ മേൽ വിലാസം പഞ്ചായത്തിൽ അറിയിക്കണമെന്നും കാണിച്ച് വെറ്ററിനറി സർജന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഉടമസ്ഥരുടെ മേൽവിലാസം ലഭ്യമാക്കി 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം ലൈസൻസ് നൽകി ഫീസ് ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് എടുക്കാത്ത നായകളുടെ ഉടമകൾക്കെതിരേ 1998 ലെ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കേണ്ടതാണ്

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 1997-98,99-2000, 2002-03, 2003-04,2006-07,2008-09,2009-10, 2010-11, 2011-12, 2014-15 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 9.05.2019ൽ നടന്ന അദാലത്തിൽ തീർപ്പാക്കാൻ സമർപ്പിച്ചിരുന്നു. 1997-98,99-2000,2002-03,2003-04,2006-07ലെ മുഴുവൻ ഖണ്ഡികകളും അദാലത്തിൽ തീർപ്പാക്കിയിരുന്നു. അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ 14 ഖണ്ഡികകളും തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 മരണാനന്തരം അനുവദിച്ച പെൻഷൻ തുക തിരിച്ചടവിലെ അപാകത

ഗ്രാമ പഞ്ചായത്തിൽ നിന്ന് വിധവ പെൻഷൻ കൈപ്പറ്റിയിരുന്ന ശ്രീമതി അമ്മിണി കുര്യൻ എന്നയാൾ 01.11.2016 ൽ മരണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മരണശേഷം അനുവദിക്കപ്പെട്ട പെൻഷൻ തുക തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് മകൻ ശ്രീ ബെന്നി സി കുര്യാക്കോസ് 20.07.2019 ന് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി അമ്മിണി കുര്യന് (അക്കൗണ്ട് നം 423002010005254, യൂണിയൻ ബാങ്ക്, പോത്താനിക്കാട് ബ്രാഞ്ച്) മരണാനന്തരം അനുവദിക്കപ്പെട്ട 33,600/- രൂപയിൽ 14,400/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്കും 19,200/- രൂപ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലും അടവാക്കുന്നതിന് ബ്രാഞ്ച് മാനേജർക്ക് 20.07.2019 ന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ബാങ്കിൽ നിന്ന് വിവരം ലഭ്യമാക്കി വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 01.10.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി 07.10.2021) മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ലഭ്യമാക്കിയ യൂണിയൻ ബാങ്ക് മാനേജരുടെ 07.10.2021 ലെ SSP/PGP/2021 നമ്പർ കത്തിൽ 33,600/- രൂപ 26.07.2019 ലെ NEFT നം. 000020781881 പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരിച്ചടച്ച എന്നറിയിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലും അടവാക്കേണ്ട തുക കൂടി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്കാണ് അടവാക്കിയത്. മരണപ്പെടുന്ന പെൻഷണർമാർക്ക് മരണാനന്തരം പെൻഷൻ തുക അനുവദിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.Of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി "AAA Common Facility Centre", എടത്തല എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2019-20 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന

പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെട്ടുന്നമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ - രേഖകൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ അസി:സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | S0070/19-20, വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | എസ് സി പി - 4,00,500/- |
| ചെലവ് | എസ് സി പി - 2,82,517/- |
| ട്രഷറി ബിൽ നമ്പർ | 4/29.11.2019,6/24.01.2020,12/6.2.2020,13/12.2.2020 |

രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് 04.10.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12) നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന അസി:സെക്രട്ടറി നൽകിയ മറുപടിയിൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പ്രൊജക്റ്റ് നിർവ്വഹണം സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ 2,82,517/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1)സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പറമ്പൻചേരി വെട്ടിത്തറ റോഡ് വാർഡ് -1

| | |
|---|---|
| പ്രോജക്റ്റ് നം. | Soo 10/19 -20 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പറമ്പൻചേരി വെട്ടിത്തറ റോഡ് വാർഡ് -1 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 200883/-(ധനകാര്യ.കമ്മീഷൻ ഗ്രാന്റ്,) |
| ചെലവ് | 1) 2,00,000/-(ബിൽ നം. 5/19-20/12.07.19)<br>2) 883/- (ബിൽ നം. 19/19-20/29.7.19) |

2)ഐ.കെ.എം. വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്റ്റ് നം. | S002/19 -20 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം നല്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 28,553/- |
| ചെലവ് | 28,553/-(ബിൽ നം. 7/19-20/12.07.19) |

ഇവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 തൊഴിലുറപ്പ് പദ്ധതി - നിയമാനുസൃത നികുതികൾ കിഴിവ് ചെയ്യുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ പ്രവൃത്തികൾ കരാർ എടുത്തവരിൽ നിന്ന് ആദായ നികുതി, ജി എസ് റ്റി എന്നിവയുടെ നിയമാനുസൃത ടി.ഡി.എസ്. കിഴിവ് ചെയ്യുന്നില്ല. 28.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

1. ജി.എസ്.ടി. ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ നം 957/ഇ ജി എസ് - സി/16/ ആർ.ഇ.ജി.എസ് പ്രകാരം ജി.എസ്.ടി. ടി.ഡി.എസ്. കുറവ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കരാറുകാരനിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

| | |
|---|---|
| കരാറുകാരന്റെ പേര് | അൽത്താഫ് അലി |
| പ്രവർത്തിയുടെ പേര് | ശാരോം കുന്ന് അക്വിഡേറ്റ് തായ്മറ്റം പാടശേഖരം റോഡ് കോൺക്രീറ്റിംഗ് |
| എം ബുക്ക് നം | 93/19-20 |
| നൽകിയ തുക | 281416 |
| കുറവ് ചെയ്യേണ്ട ജി.എസ്.ടി. | 5628 |

2. ആദായ നികുതി നിയമത്തിലെ 194C പ്രകാരം കരാറുകാരിൽ നിന്ന് ടി.ഡി.എസ്. ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതി കരാറുകാരിൽ നിന്ന് ഇപ്രകാരം ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. നിയമാനുസൃതമുള്ള നികുതികൾ കിഴിവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി - അനധികൃതമായി തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ചട്ടവിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുകയും ക്രമ പ്രകാരമല്ലാത്ത ധനവിനിയോഗം നടത്തുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതി ഓവർസീയറായ ശ്രീ ബിനു കെ.ആർ., അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ലാലി പി.കെ. എന്നിവർ ഉൾപ്പെട്ട ക്രമക്കേടുകൾ പ്രധാനമായും രണ്ട് തരത്തിലാണ് നടന്നിട്ടുള്ളത്.

1. ചട്ട വിരുദ്ധമായി ഓവർസീയറെ വെണ്ടറാക്കി അക്കൗണ്ടിലേക്ക് തുക കൈമാറി.
2. കൃത്രിമ മസ്റ്റർ റോൾ തയ്യാറാക്കി തുക കൈപ്പറ്റി.

പരാതികളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്കെതിരെ നടപടികൾ (പിരിച്ചു വിടൽ) സ്വീകരിച്ചിട്ടുണ്ടെങ്കിലും തുക തിരികെ ഈടാക്കുകയോ ഇതര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ വിശദമായി താഴെ ചേർക്കുന്നു. (അപാകതകൾ സംബന്ധിച്ച് 28.09.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 1) 7.10.21 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

**1. ചട്ട വിരുദ്ധമായി ഓവർസീയറെ വെണ്ടറാക്കി അക്കൗണ്ടിലേക്ക് തുക കൈമാറി.**

തൊഴിലുറപ്പ് പദ്ധതി ഓവർസീയർ ശ്രീ ബിനു കെ.ആർ. തന്റെ സ്വന്തം പേര് Vendor ആക്കി മാറ്റി മെറ്റീരിയൽ കോസ്റ്റ് തന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു. അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീമതി ലാലി പി.കെ.യാണ് ശ്രീ ബിനുവിന്റെ പേര്

Vendor ആക്കുകയും FTO അയക്കുകയും ചെയ്തിട്ടുള്ളത്. 1,95,508/- രൂപ ഓവർസിയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

(A) തൊഴിലുറപ്പ് പദ്ധതി ജില്ലാ കോ ഓർഡിനേറ്റർ കൂടിയായ ബഹു. എറണാകുളം ജില്ലാ കളക്ടറുടെ 29.11.2019 ലെ ഡി .1.2285/2019/ പി.എ.യു. നം കത്ത് പ്രകാരം ഓവർസീയറുടെ അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ഈടാക്കി യഥാർത്ഥ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ ബിനുവിന്റെ അക്കൗണ്ടിൽ വന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകിയതിന്റെ ബാങ്ക് രേഖ ലഭ്യമാക്കി. ഓഡിറ്റ് കഴിയുന്ന സമയത്ത് ലഭ്യമാക്കിയതിനാൽ ആയതിന്റെ വിശദമായ പരിശോധന നടത്താൻ ഓഡിറ്റിന് സാധിച്ചില്ല. കരാറുകാർക്ക് നൽകേണ്ടിയിരുന്ന തുകയും നൽകിയ തുകയും കൃത്യമായി കണക്കാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**2. കൃത്രിമ മസ്റ്റർ റോൾ തയ്യാറാക്കി തുക കൈപ്പറ്റി.**

സ്ഥലത്തില്ലാത്തവരുടേയും തൊഴിൽ കാർഡിൽ പേരുള്ള പണിക്കിറങ്ങാത്തവരുടേയും മറ്റ് തൊഴിലിനു പോകുന്നവരുടേയും പേരിൽ ഡിമാന്റ് ചെയ്ത് മസ്റ്റർ റോളിൽ വ്യാജ ഒപ്പിട്ട് മേറ്റമാർ വേതനം കൈപ്പറ്റിയിട്ടുണ്ട്. മേറ്റമാരായ ശ്രീമതി മോളി ജോണി , സിമി സാബു, ലാലി ഷാജി എന്നിവർ കൈപ്പറ്റിയ തുകയുടെ വിവരം നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഫയലിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തൊഴിലാളിയുടെ പേര്/ തൊഴിൽ കാർഡ് നം | മസ്റ്റർ റോൾ അപാകത | തുക കൈപ്പറ്റിയ മേറ്റ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏലിയാമ്മ സ്കറിയ, KL-08-005-009-010/28 | പുളിന്താനം തോട് നീർത്തടം - മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ വാർഡ് 10 എന്ന പ്രവൃത്തിയുടെ 23.03.2019 മുതൽ 30.03.2019 വരെയുള്ള മസ്റ്റർ റോളിൽ 5 ദിവസം വ്യാജ ഒപ്പ് രേഖപ്പെടുത്തി. | മോളി ജോണി | 4878 | ഏലിയാമ്മ സ്കറിയ വിദേശത്ത് പോയതിന്റെ പാസ്പോർട്ട് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മസ്റ്റർ റോളിൽ വ്യാജ ഒപ്പ് രേഖപ്പെടുത്തിയതായി ശ്രീമതി മോളി ജോണി സമ്മതിച്ചു. |
| 2 | ശ്രീമതി മോളി ജോണി ഇതേ മസ്റ്റർ റോളിൽ 3 ദിവസം വ്യാജ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. | | | | |
| 3 | ഏലിയാമ്മ സ്കറിയ, KL-08-005-009-010/28 | 2018-19 വർഷം, പ്രവൃത്തിയുടെ വിവരം ലഭ്യമല്ല.18 ദിവസം വ്യാജ ഒപ്പ് രേഖപ്പെടുത്തി. | | | |
| 4 | ശ്രീമതി ഗ്രേസി ഐപ്പ്,KL-08-005-009-010/11 | പത്താം വാർഡിലെ വിവിധ പ്രവൃത്തികൾ | മോളി ജോണി,സിമി സാബു,ലാലി ഷാജി | 25000 | 2018-19 ൽ 15 ദിവസം മാത്രമേ തൊഴിൽ ചെയ്തിട്ടുള്ളൂ. എന്നാൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവരുടെ ലിസ്റ്റിൽ ടിയാൾ ഉൾപ്പെട്ടു.ടിയാളുടെ അക്കൗണ്ടിൽ അനധികൃതമായി വന്ന 25000 രൂപ ലാലി ഷാജിക്ക് നൽകി. |
| 3 | മോളി ആമോസ് ,KL-08-005-009-010/7 | പത്താം വാർഡിലെ വിവിധ പ്രവൃത്തികൾ | സിമി സാബു | 22000 | 2018-19 ൽ 16 ദിവസം മാത്രമേ തൊഴിൽ ചെയ്തിട്ടുള്ളൂ. എന്നാൽ 100 ദിവസം തൊഴിൽ പൂർത്തിയാക്കിയവരുടെ ലിസ്റ്റിൽ ടിയാൾ ഉൾപ്പെട്ടു. ടിയാളുടെ അക്കൗണ്ടിൽ അനധികൃതമായി വന്ന 27000 രൂപയിൽ നിന്ന് 22000 രൂപ സിമി സാബുവിന് നൽകി. |
| 4 | ഗ്രേസി ബാബു ഇല്ലിക്കൽ,KL-08-005-009-010/13 | പത്താം വാർഡിലെ വിവിധ പ്രവൃത്തികൾ | | | ഗ്രേസി ബാബു 2011 ന് ശേഷം തൊഴിലുറപ്പ് പദ്ധതിയിൽ പണിക്കിറങ്ങിയിട്ടില്ല.എന്നാൽ 2018-19 ൽ 50 ദിവസം പണിക്കിറങ്ങിയതായി മസ്റ്റർ റോൾ തയ്യാറാക്കി. |
| 5 | തങ്കമ്മ രാഘവൻ,KL-08-005-009-010/23 | പത്താം വാർഡിലെ വിവിധ പ്രവൃത്തികൾ | സിമി സാബു | 10000 | 2018-19 ൽ ഒരു ദിവസം മാത്രമാണ് പണിക്കിറങ്ങിയിട്ടുള്ളത്. |

മേറ്റമാരായ ശ്രീമതി മോളി ജോണി, സിമി സാബു, ലാലി ഷാജി എന്നിവർ കൈപ്പറ്റിയ തുകയുടെ വിവരം കണ്ടെത്തേണ്ടതാണ്. ബഹു:ജില്ലാ കളക്ടറുടെ നടപടി ക്രമത്തിൽ കൂടുതലായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി SEGF അക്കൗണ്ടിൽ അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. മേറ്റമാർ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

പഞ്ചായത്ത് ലഭ്യമാക്കിയ ഫയലിലെ പരാതി, അന്വേഷണ റിപ്പോർട്ട്, ബഹു. ജില്ലാ കളക്ടറുടെ നടപടി ക്രമം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. എൻ ആർ ഇ ജി എസ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് പരിശോധിക്കേണ്ടതും തൊഴിലുറപ്പ് പദ്ധതി മേൽ നോട്ട ചുമതലയുള്ള അസി:സെക്രട്ടറി വരവും ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും കൃത്യമായ പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്. പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികളും തുക തിരികെ ഈടാക്കി ആയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് , തൊഴിൽ നികുതി എന്നീ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 4485/- രൂപ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം ഈടാക്കിയിരിക്കുന്നു .

**1) ലൈസൻസ് ഫീസ്**

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം | ഈടാക്കിയ ഫീസ് /രസീത് നം/ തീയതി |
|---|---|---|---|
| 1 | എം.ഡി, പോത്താനിക്കാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | പലചരക്ക് സാധനം, വീട്ടുപകരണങ്ങൾ | 400/- 121030100909/7.10.21 |

| | | | |
|---|---|---|---|
| | | സ്റ്റോക്ക് ചെയ്ത് വിൽപ്പന | |
| 2 | എം.ഡി, പോത്താനിക്കാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ജീവൻ രക്ഷാമരുന്നുകളുടെ വിൽപ്പന | 400/-<br>121030100910/7.10.21 |
| 3 | എം.ഡി, പോത്താനിക്കാട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | ലബോറട്ടറി നടത്തുന്നതിന് | 400/-<br>121030100911/7.10.21 |
| ആകെ | | | 1200/- |

**2) പെർമിറ്റ് ഫീസ്**

| ഉടമസ്ഥന്റെ പേര് | പെർമിറ്റ് ഫീ ഈടാക്കിയത്/ രസീത് നം |
|---|---|
| അജോമാത്യു & ലിജിമോൾ | 45/- 121030100887 തീയതി 5.10.21 |

**3) തൊഴിൽ നികുതി**

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ ഫീസ്/ രസീത് നം / തീയതി |
|---|---|---|---|---|
| 1 | 7/19-20 | കല്ലട വുഡ് ഇൻഡസ്ട്രീസ് | 5 | 1800/- 121030100913 / 7-10-2021 |
| 2 | 144/19-20 | ഗ്രീൻ ലീഫ് കാറ്ററിംഗ് | 4 | 1440/- 121030100915 / 7-10-2021 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പ്രോ.നം.64/20, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| | | 200000 | പ്രോ.നം.62/20,ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 134300 | പ്രോ.നം.52/20, നെല്ല് കൃഷിക്ക് കൂലിച്ചെലവും വിത്തും. | 134300 | 0 |
| | | 50000 | പ്രോ.നം.64/20, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 50000 | 0 |
| | | 179550 | പ്രോ.നം.62/20,ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 179550 | 0 |
| | | 4240049 | പ്രോ.നം.121/20,ലൈഫ് ഭവന പദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 4240049 | 0 |
| | | 225000 | പ്രോ.നം.122/20,ലൈഫ് ഭവന പദ്ധതി-ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ (എസ്.സി.പി) | 225000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നം101/20<br>സ്ട്രീറ്റ് ടാപ്പ് വിച്ഛേദിക്കൽ | ഇ.ബിൽ | 1450<br>(ഓൺ ഫണ്ട്) | 0 | 1450 |
| കെ.എസ്.ഇ.ബി | പ്രോജക്റ്റ് നം10/20<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | ഇ.ബിൽ | 200000<br>(സി.എഫ്.സ് ഗ്രാന്റ്) | 0 | 200883 |
| | പ്രോജക്റ്റ് നം10/20 | | | 0 | |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ വലിക്കൽ | | 883 (സി.എഫ്.സ് ഗ്രാന്റ്) | | |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം133/20 സ്ട്രീറ്റ് ലൈൻ വലിക്കൽ (വാർഡ് 9)<br>പ്രോജക്ട് നം133/20 സ്ട്രീറ്റ് ലൈൻ വലിക്കൽ (വാർഡ് 9)<br>പ്രോജക്ട് നം133/20 സ്ട്രീറ്റ് ലൈൻ വലിക്കൽ (വാർഡ് 9) | ഇ.ബിൽ | 50000 (സി.എഫ്.സ് ഗ്രാന്റ്)<br>49113 (സി.എഫ്.സ് ഗ്രാന്റ്)<br>887 (ഓൺ ഫണ്ട്) | 0<br>0<br>0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1500000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ | | 1500000 | 1683402 | 308824 | 0 | 2874578 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 140060/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-14 | 2(5) | 2000 | ബെവ് കോ ഷോപ്പ് ഇൻ-ചാർജ് | 119030103515/11.03.2020 |
| 2014-15 | 2(5) | 2000 | ബെവ് കോ ഷോപ്പ് ഇൻ-ചാർജ് | 119030103515/11.03.2020 |
| 2014-15 | 2-5(1) | 100 | കെ.കെ.വർഗ്ഗീസ്, കണ്ണാപ്പറമ്പിൽ | 119030100695/17.08.2019 |
| 2014-15 | 2-5(2) | 100 | സന്തോഷ് മത്തായി, വാലുമ്മൽ | 119030100696/17.08.2019 |
| 2014-15 | 2-5(3) | 100 | മാത്യു പൗലോസ്, തെക്കേപ്പറമ്പിൽ | 119030100698/17.08.2019 |
| 2014-15 | 2-5(4) | 1160 | ഷിബു പീറ്റർ, പാമ്പ്രക്കാരൻ | 119030100493/17.08.2019 |
| 2017-18 | 2-2(3) | 50 | തോമസ് എബ്രഹാം, തോളാനിക്കുന്നിൽ | 119030100299/16.05.2019 |
| 2017-18 | 2-2(4) | 50 | യോഹന്നാൻ.കെ.സി., കറുച്ചിറയിൽ | 119030100300/16.05.2019 |
| 2017-18 | 2-2(5) | 50 | ഷാജി.പി.കെ., പാലമൂട്ടിൽ | 119030100301/16.05.2019 |
| 2017-18 | 2(1) | 3700 | സെക്രട്ടറി, പിഡി.ഡി.പി., പറമ്പച്ചേരി | 119030100557/15.07.2019 |
| 2017-18 | 2(1) | 1250 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. | 119030100575/23.07.2019 |
| 2017-18 | 2(1) | 1250 | സെക്രട്ടറി , പോത്താനിക്കാട് വനിത സഹകരണ സംഘം | 119030100950/14.10.2019 |
| 2018-19 | 1-12 | 850 | സെക്രട്ടറി ഹൗസിംങ് കോപ്പറേറ്റീവ് സൊസൈറ്റി, പോത്താനിക്കാട് | 119030103165/28.02.2020 |
| 2018-19 | 1-12 | 1250 | അഡ്മിനിസ്ട്രേറ്റർ, സെന്റ് തോമസ് ഹോസ്പിറ്റൽ പോത്താനിക്കാട് | 119030103180/28.02.2020 |
| 2000-01 | - | 150 | കെ.സുരേഷ്കുമാർ, പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് | 119030100025/04.04.2019 |
| 2004-05 | 3-3(6) | 126000 | ഷാജി മാത്യു വി.ഇ.ഒ., പോത്താനിക്കാട് | 119030100002/01.04.2019 |

മേൽ തുക, വാർഷിക ധനകാര്യപത്രികയിലെ പ്രിയോർ പിരിയഡ് ഇൻ കത്തിൽ ഉൾപ്പെട്ടിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1998 മുതൽ 2001-20 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-15 | 3.7.1.9.3 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- അപാകത | WP(Civil) 18345/2008 നം കേസിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് ബഹു.കോടതി വിധിച്ചു. ആയതിന്മേൽ പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,47,46,306 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,38,57,103 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,11,953 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ മേൽവിലാസം |
|---|---|---|---|
| 1-20 | 50000 | ഹസീന.പി.മൈതീൻ, അസി.സെക്രട്ടറി | മലമുകളിൽ ഹൗസ്,പുതുപ്പാടി.പി.ഒ, മൂവാറ്റുപുഴ |
| | 232517 | ലാൽ ടി.കൃഷ്ണ , അസി.സെക്രട്ടറി | തോട്ടുങ്കൽ, തൃക്കാരിയൂർ.പി.ഒ.,കോതമംഗലം |
| 1-21 | 229436 | ചന്ദ്രൻ നായർ കെ.,സെക്രട്ടറി (റിട്ടയേർഡ് ) | കല്ലറക്കൽഹൗസ്, നെല്ലിക്കുഴി.പി.ഒ., കോതമംഗലം. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | ഈടാക്കുവാനുള്ള ജി.എസ്.ടി | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 5628 | ലാൽ ടി. കൃഷ്ണ, അസി.സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

**ഇല്ല.**

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 72/2004 തീ. 13.09.2004 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7) 916(എ)/2011തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7) 1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7) 495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17 |
| 2017-18 | നം.കെ.എസ്.എ.ഇകെഎം(പി14)131/2019 തീ.12.03.2019 |

| | |
|---|---|
| 2018-19 | നം.കെ.എസ്.എ.ഇകെഎം(പി14)278/2020 തീ.11.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്